**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2514** **13-02-2024 - ൽ മറുപടിയ്ക്ക്**

**കേന്ദ്രസഹായം ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിവിധ പദ്ധതികൾ, ഗ്രാന്റുകൾ, നികുതി വിഹിതം എന്നീ ഇനത്തിലുള്ള കേന്ദ്രസഹായം കുടിശ്ശികയായുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | 5-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമുള്ള ഗ്രാൻഡുകളായ SDRF, SDMF, Local Body Grand എന്നീ ഇനത്തിൽ യഥാക്രമം 138.8, 69.4, 1920.58 കോടി രൂപ വീതം ഇനി ലഭ്യമാകാനുണ്ട്. UGC Grand ഇനത്തിൽ 750 കോടി രൂപയും, നെല്ല് സംഭരണ ഇനത്തിൽ 1266.14 കോടി രൂപയും കേന്ദ്രസർക്കാർ തടഞ്ഞുവച്ചിട്ടുണ്ട്.<br><br>കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രസർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനം പാലിക്കുന്നില്ല എന്ന കാരണമുയർത്തി NHM, PMAY (Urban), Suchitwa Mission, PMABHIM, Poshan Abhiyan എന്നീ പദ്ധതികളുടെ കേന്ദ്രവിഹിതം കേന്ദ്രസർക്കാർ ഇപ്പോൾ അനുവദിക്കുന്നില്ല. ഇതേ വിഷയമുയർത്തി മൂലധനചെലവുകൾക്കുള്ള പ്രത്യേക സഹായപദ്ധതിക്കും കേന്ദ്രം സഹായം ലഭ്യമായിട്ടില്ല. ഇതുമൂലം ഏകദേശം 3000 കോടി രൂപയുടെ പലിശരഹിത വായ്പാസഹായമാണ് ഇക്കാരണത്താൽ സംസ്ഥാനത്തിന് നഷ്ടമാകുന്നത്. കേന്ദ്രസർക്കാർ Branding മാർഗ്ഗനിർദ്ദേശങ്ങൾ അനുശാസിക്കുന്ന ചില പദ്ധതികളിൽ സിംഹഭാഗവും, മറ്റു ചില പദ്ധതികളിൽ 40 ശതമാനത്തോളവും തുക സംസ്ഥാന വിഹിതമായിട്ടാണ് ചെലവഴിക്കുന്നത്. സംസ്ഥാന വിഹിതം കൂടി ചെലവഴിക്കുന്ന പദ്ധതികളിൽ കേന്ദ്രസർക്കാർ നിർദേശിക്കുന്ന ബ്രാൻഡിംഗിന് പകരം സംസ്ഥാനത്തെ കൂടി പരിഗണിക്കുന്ന Co-Branding ആണ് യഥാർത്ഥത്തിൽ നിലവിൽ വരേണ്ടത്. NHM പോലുള്ള പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതം ലഭ്യമാകാതിരിക്കുന്ന ഈ സന്ദർഭത്തിൽ പോലും സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിൽ നിന്നും പ്രസ്തുത |

| | | | |
|---|---|---|---|
| | | | പദ്ധതി പ്രവർത്തനങ്ങൾക്കായി കഴിയുന്നത്ര തുക സംസ്ഥാനം ചെലവഴിക്കുകയാണ്.<br><br>ഇതിനുപുറമേ, **2021** വർഷം മുതൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനായി ആവിഷ്കരിച്ച SNA സംവിധാനത്തിൽ കേന്ദ്ര സർക്കാർ അടിക്കടി കൊണ്ടുവരുന്ന പലവിധത്തിലുള്ള നിബന്ധനകൾ കാരണം സാങ്കേതികപരമായ ബുദ്ധിമുട്ട് ഉണ്ടാവുകയും, അവ പദ്ധതി നിർവ്വഹണത്തെ ഒരളവു വരെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നുണ്ട്.<br><br>കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള തുക കേന്ദ്രസർക്കാരിൽ നിന്നും നേടിയെടുക്കുന്നതിനു വേണ്ടി വിവിധ വകുപ്പുകൾ അതത് കേന്ദ്ര മന്ത്രാലയങ്ങളുമായി നിരന്തരം ബന്ധപ്പെടുകയും കത്തിടപാടുകൾ നടത്തുകയും ചെയ്യുന്നുണ്ട്. വിനിയോഗ സാക്ഷ്യപത്രം സമയബന്ധിതമായി നൽകി കൊണ്ടും മറ്റ് സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തിയാക്കിക്കൊണ്ടും ഈ തുക നേടിയെടുക്കുന്നതിനായി, പദ്ധതി നിർവ്വഹണം നടത്തുന്ന എല്ലാ വകുപ്പ് സെക്രട്ടറിമാരുടെ തലത്തിലും ത്വരിത നടപടികളാണ് സ്വീകരിച്ചു വരുന്നത്. |
| (ബി) | ഇവ ലഭ്യമാക്കുവാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (ബി) | 15-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമുള്ള ഗ്രാൻഡുകളായ SDRF, SDMF, Local Body Grand എന്നീ ഇനത്തിൽ യഥാക്രമം 138.8, 69.4, 1920.58 കോടി രൂപ വീതം ഇനി ലഭ്യമാകാനുണ്ട്. UGC Grand ഇനത്തിൽ 750 കോടി രൂപയും, നെല്ല് സംഭരണ ഇനത്തിൽ 1266.14 കോടി രൂപയും കേന്ദ്രസർക്കാർ തടഞ്ഞുവച്ചിട്ടുണ്ട്.<br><br>കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രസർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനം പാലിക്കുന്നില്ല എന്ന കാരണമുയർത്തി NHM, PMAY (Urban), Suchitwa Mission, PMABHIM, Poshan Abhiyan എന്നീ പദ്ധതികളുടെ കേന്ദ്രവിഹിതം കേന്ദ്രസർക്കാർ ഇപ്പോൾ അനുവദിക്കുന്നില്ല. ഇതേ വിഷയമുയർത്തി മൂലധനചെലവുകൾക്കുള്ള പ്രത്യേക സഹായപദ്ധതിക്കും കേന്ദ്രം സഹായം ലഭ്യമായിട്ടില്ല. ഇതുമൂലം ഏകദേശം 3000 കോടി രൂപയുടെ പലിശരഹിത വായ്പാസഹായമാണ് ഇക്കാരണത്താൽ സംസ്ഥാനത്തിന് നഷ്ടമാകുന്നത്. കേന്ദ്രസർക്കാർ Branding മാർഗ്ഗനിർദ്ദേശങ്ങൾ അനുശാസിക്കുന്ന ചില പദ്ധതികളിൽ സിംഹഭാഗവും, മറ്റു ചില പദ്ധതികളിൽ 40 ശതമാനത്തോളവും തുക സംസ്ഥാന വിഹിതമായിട്ടാണ് ചെലവഴിക്കുന്നത്. |

| | | | |
|---|---|---|---|
| | | | സംസ്ഥാന വിഹിതം കൂടി ചെലവഴിക്കുന്ന പദ്ധതികളിൽ കേന്ദ്രസർക്കാർ നിർദേശിക്കുന്ന ബ്രാൻഡിംഗിന് പകരം സംസ്ഥാനത്തെ കൂടി പരിഗണിക്കുന്ന Co-Branding ആണ് യഥാർത്ഥത്തിൽ നിലവിൽ വരേണ്ടത്. NHM പോലുള്ള പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതം ലഭ്യമാകാതിരിക്കുന്ന ഈ സന്ദർഭത്തിൽ പോലും സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിൽ നിന്നും പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾക്കായി കഴിയുന്നത്ര തുക സംസ്ഥാനം ചെലവഴിക്കുകയാണ്.<br><br>ഇതിനുപുറമേ, **2021** വർഷം മുതൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനായി ആവിഷ്കരിച്ച SNA സംവിധാനത്തിൽ കേന്ദ്ര സർക്കാർ അടിക്കടി കൊണ്ടുവരുന്ന പലവിധത്തിലുള്ള നിബന്ധനകൾ കാരണം സാങ്കേതികപരമായ ബുദ്ധിമുട്ട് ഉണ്ടാവുകയും, അവ പദ്ധതി നിർവ്വഹണത്തെ ഒരളവു വരെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നുണ്ട്.<br><br>കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള തുക കേന്ദ്രസർക്കാരിൽ നിന്നും നേടിയെടുക്കുന്നതിനു വേണ്ടി വിവിധ വകുപ്പുകൾ അതത് കേന്ദ്ര മന്ത്രാലയങ്ങളുമായി നിരന്തരം ബന്ധപ്പെടുകയും കത്തിടപാടുകൾ നടത്തുകയും ചെയ്യുന്നുണ്ട്. വിനിയോഗ സാക്ഷ്യപത്രം സമയബന്ധിതമായി നൽകി കൊണ്ടും മറ്റ് സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തിയാക്കിക്കൊണ്ടും ഈ തുക നേടിയെടുക്കുന്നതിനായി, പദ്ധതി നിർവ്വഹണം നടത്തുന്ന എല്ലാ വകുപ്പ് സെക്രട്ടറിമാരുടെ തലത്തിലും ത്വരിത നടപടികളാണ് സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ